LIBRARY ARCHIVES Kerala Legislative Assembly

കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരം

71. [71] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കവർച്ച, മോഷണം, പിടിച്ചുപറി, ബലാൽസംഗം, പെൺകുട്ടികളെ തട്ടിക്കൊണ്ടുപോകൽ തുടങ്ങിയ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ കുറ്റകൃത്യങ്ങളിലുമായി സംസ്ഥാനത്ത് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞ ഇനങ്ങളിൽ തിരുവനന്തപുരം ജില്ലയിൽ മാത്രമായി വിവിധ സ്റ്റേഷനുകളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവ ഏതൊക്കെ പോലീസ് സ്റ്റേഷനുകളുടെ പരിധിയിൽപ്പെടുന്നു വിശദമാക്കുമോ;

(ഡി) 2001 മെയ് മുതൽ 2006 ജനുവരിവരെ സംസ്ഥാനത്ത് പെൺവാണിഭവും സ്ത്രീ പീഡനവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര കേസ്സുകളിൽ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഇ) പോലീസുകാർ പ്രതിയായി രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയാണെന്നും, ഇവരുടെ പേരിൽ ഡിപ്പാർട്ട്മെന്റ് തലത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചു വരുന്നു.

അങ്കമാലി സുലോചനാ വധക്കേസ്സിന്റെ അന്വേഷണം

72. [72] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അങ്കമാലി സുലോചനാ വധക്കേസിന്റെ അന്വേഷണം സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കേസ്സിലെ അന്വേഷണത്തെക്കുറിച്ച് വ്യാപകമായ പരാതിയുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?